दूरभाष / Phone: 0481-2301231, ऐक्सटेंशन/Extension-346 फैक्स / FAX: 0481-2574902 ई-मेल / e-mail: ppr@rubberboard.org.in वेबसाइट / website: www.rubberboard.org.in

रबड़ बोर्ड
(भारत सरकार, वाणिज्य एवं उद्योग मंत्रालय)
पी.बी.नं.1122, सब् जेल रोड, कोट्टयम 686 002
केरल राज्य, भारत

प्रचार व जनसंपरक प्रभाग

THE RUBBER BOARD
(Government of India, Ministry of Commerce & Industry)
P.B.NO.1122, SUB JAIL ROAD, KOTTAYAM - 686 002
KERALA STATE, INDIA.

PUBLICITY AND PUBLIC RELATIONS DIVISION

Ref.No:48/01(PRM-48)/2019-20/PUB

പ്രസ്സ് റിലീസ്

# തേനീച്ചവളര്‍ത്തലില്‍ പരിശീലനം

കോട്ടയം

06 സെപ്റ്റംബര്‍ 2019

തേനീച്ചവളര്‍ത്തലില്‍ റബ്ബര്‍ബോര്‍ഡ് നടത്തുന്ന ഏകദിനപരിശീലനം 2019 സെപ്റ്റംബര്‍ 18-ന് കോട്ടയത്തുള്ള റബ്ബര്‍ ട്രെയിനിങ് ഇന്‍സ്റ്റിറ്റ്യൂട്ടില്‍ വച്ച് നടക്കും. റബ്ബര്‍തോട്ടങ്ങളില്‍നിന്നുള്ള അധികവരുമാനമാര്‍ഗ്ഗം എന്ന നിലയ്ക്കാണ് ഈ വിഷയത്തില്‍ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നത്. പരിശീലനഫീസ് 500 രൂപ (18 ശതമാനം ജിഎസ്ടി പുറമെ). പട്ടികജാതി-പട്ടികവര്‍ഗ്ഗത്തില്‍പെട്ടവര്‍ക്ക് ജാതിസര്‍ട്ടിഫിക്കറ്റ് ഹാജരാക്കുന്ന പക്ഷം, ഫീസില്‍ 50 ശതമാനം ഇളവു ലഭിക്കും. റബ്ബറുത്പാദകസംഘങ്ങളില്‍ അംഗങ്ങളായിട്ടുള്ളവര്‍ അംഗത്വസര്‍ട്ടിഫിക്കറ്റ് ഹാജരാക്കിയാല്‍ ഫീസില്‍ 25 ശതമാനം ഇളവ് ലഭിക്കും. താമസസൗകര്യം ആവശ്യമുള്ളവര്‍ ദിനംപ്രതി 300 രൂപ അധികം നല്‍കണം.

പരിശീലനഫീസ് ഡയറക്ടര്‍ (ട്രെയിനിങ്), റബ്ബര്‍ ട്രെയിനിങ് ഇന്‍സ്റ്റിറ്റ്യൂട്ട്, കോട്ടയം - 686 009 എന്ന പേരില്‍ സെന്‍ട്രല്‍ ബാങ്ക് ഓഫ് ഇന്ത്യയുടെ 1450300184 (ഐ.എഫ്.എസ്. കോഡ് - CBIN 0284150) എന്ന അക്കൗണ്ടിലേക്ക് അടയ്ക്കാം. പണമടച്ചതിന്റെ വിശദാംശങ്ങളും അപേക്ഷകന്റെ ഫോണ്‍ നമ്പരും ഇമെയിലായി training@rubberboard.org.in-ലേക്ക് അയയ്ക്കേണ്ടതാണ്. ഫോണ്‍ : **0481-2353127, 2351313.**

അസിസ്റ്റന്റ് ഡയറക്ടര്‍ (പബ്ളിസിറ്റി)